**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** **10-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ മൂല്യനിർണ്ണയ പരിഷ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാ മെച്ചപ്പെടുത്തുന്നതിനായി വ്യത്യസ്ത തലങ്ങളി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക വരികയാണ്. സംസ്ഥാന വിദ്യാഭ്യാ ഗവേഷണ പരിശീലന സമിതി (SCERT) യു നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോട്ടു കൂ പൊതുവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധ പരിഷ്കരണ പ്രവർത്തനങ്ങ പുരോഗമിക്കുകയാണ്. ജനകീയമാ ഇടപെടലിലൂടെയുള്ള പാഠ്യപദ്ധതി പരിഷ്കര നടപടിക്രമങ്ങളെ 2024 ലെ (UNESCO) യൂത റിപ്പോർട്ടിൽ പരാമർശിച്ചത് സംസ്ഥാനത്തി ലഭിച്ച അംഗീകാരമാണ്. 1, 3, 5, 7, ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങ കൃത്യസമയത്തുതന്നെ 2024 ജൂൺ മാസത്തി ആരംഭിച്ച അധ്യയനവർഷത്തിൽ കുട്ടികൾക നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2, 4, 6, 8, 1 ക്ലാസുകളിലെ പരിഷ്കരിച്ച പാഠപുസ്തകങ്ങ 2025 ജൂൺ മാസത്തോട്ടുകൂടി കുട്ടികളു കൈകളിൽ എത്തിക്കും.<br><br>മാറിയ പാഠ്യപദ്ധതിക്കനുസരിച്ച് അധ്യാപ പരിശീലന പരിപാടികളും അധ്യാപനശേ വർദ്ധിപ്പിക്കുന്നതിനായി ക്ലസ്റ്ററുക സംഘടിപ്പിച്ചുവരികയാണ്. പുതുതാ സർവ്വീസിൽ പ്രവേശിക്കുന്ന മുഴുവ അധ്യാപകരും നിർബന്ധമായും 7 ദിവസതെ റസിഡൻഷ്യൽ പരിശീലന പരിപാടിയി പങ്കെടുക്കേണ്ടതുണ്ട്. വർഷങ്ങൾക്കു ശേഷമാ ഹയർസെക്കൻഡറി അധ്യാപകർക്കു സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക |

സമയബന്ധിതമായി പരിശീലന പരിപാടികള
സംഘടിപ്പിക്കുന്നത്.

സമഗ്ര ശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നിരവധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഭാഷാപ്രാവീണ്യ വർദ്ധിപ്പിക്കുന്നതിനായുള്ള മലയാളത്തിളക്ക ഹലോ ഇംഗ്ലീഷ്, പ്യാരി ഉറുദു, അഹ് ല അറബിക്, സംസ്കൃത മാധുരി തുടങ്ങിയ പ്രാവർത്തികമാക്കിയതു വഴി കുട്ടികളിൽ ഭാഷാപരമായ കഴിവ് വർദ്ധിച്ചു. പഠ പരിപോഷണ പദ്ധതിയുടെ ഭാഗമായ എലമെന്ററി, സെക്കന്ററി തലത്തിൽ നിരവധ അധിക പഠനസഹായികൾ 8 മുതൽ 12 വ ക്ലാസ്സുകളിലെ കുട്ടികൾക്ക് തയ്യാറാക്കിയിട്ടുണ ഫിസിക്സ്, കെമിസ്ട്രി, ഗണിതം, ഇക്കണോമിക്സ സോഷ്യോളജി, ഹിന്ദി, ജ്യോഗ്രഫി തുടങ്ങി വിഷയങ്ങളിൽ തയ്യാറാക്കിയ അധിക പഠ സഹായികൾ കുട്ടികൾക്ക് സഹായകമായിട്ടുണ്ട്

കൈറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി 2018 മുതൽ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന പേരിലും 2021 മുതൽ 'വിദ്യാകിരണം' എന്ന പേരിലും പ്രത്യേക പദ്ധതി ആവിഷ്കരി. നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 2017 മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 45000 സെക്കന്ററി, ഹയ സെക്കന്ററി വിഭാഗം ക്ലാസ് മുറികൾ ഹൈടെക ആക്കുകയും ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി പ്രൈമറി വിഭാഗം ക്ലാസുകളിൽ ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്ത കാലഘട്ടത്തിനനുസൃതമായി സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠനപ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്നതിനായി ഈ വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ നിർമിതബുദ്ധി (എ.ഐ.) പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനങ്ങളും ഐ.സി.ട പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങള

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏഴാ ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തില ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രാഥമി പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂ ക്ലാസുകളിലെ പരിഷ്കരിച്ച ഐ.സി.ടി പാഠപുസ്തകങ്ങളിലും ആർട്ടിഫിഷ്യ ഇന്റലിജൻസിന്റെ സാധ്യ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ല അധ്യാപകർക്കും കൈറ്റിന്റെ നേതൃത്വത്തി ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീല പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യയി ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരമൊ പരിപാടി സംഘടിപ്പിക്കുന്നത്. നവകേര കർമ്മപദ്ധതിയുടെ ഭാഗമായി സ്കൂളുകള ഭൗതികസാഹചര്യത്തിൽ വൻ കുതിച്ചു ചാട്ടമാ ഉണ്ടായിട്ടുള്ളത്.<br><br>സീമാറ്റിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാ മേഖലയിൽ വിവിധ തലങ്ങളി നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാ ഓഫീസർമാരും സ്കൂൾ മേധാവികളും അടക്കമുള വിദ്യാഭ്യാസ പ്രവർത്തകർക്ക് മാനേജ്മെ വിഷയങ്ങളിലും ലീഡർഷിപ്പിലും അനുബന്ധ മേഖലകളിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നയങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമാ വിഗദ്ധ പരിശീലനം നൽകി വരുന്നു. |
| (ബി) | മൂല്യനിർണ്ണയ പരിഷ്കരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പാഠ്യപദ്ധതിയുടെ ഭാഗമാണ് മൂല്യനിർണ്ണയ രീതി ശാസ്ത്രം. സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ആധുനിക കാലത്തിന്റെ സാധ്യതകളെ കൂടി പ്രയോജനപ്പെടുത്തി മൂല്യനിർണ്ണയരീതിശാസ്ത്രവും പരിഷ്കരിക്കുകയാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കേന്ദ്രം കുട്ടികൾ ആയതിനാൽ ഓരോ കുട്ടിയെയും പരിഗണിക്കുന്നത് കൂടി ആവണം നമ്മുടെ മൂല്യനിർണ്ണയരീതിശാസ്ത്രം. നിലവിൽ വിദ്യാലയങ്ങളിൽ നിരന്തരമൂല്യനിർണ്ണയ പ്രക്രിയയും ആത്യന്തിക മൂല്യനിർണ്ണയ പ്രക്രിയയുമാണ് പിന്തുടരുന്നത്. നിരന്തര മൂല്യനിർണ്ണയപ്രക്രിയ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് ചെയ്തുവരികയാണ്. സാങ്കേതികവിദ്യ കൂടി ഉപയോഗപ്പെടുത്തി കൂടുതൽ സമഗ്രവും സുതാര്യവുമായ രീതിയിൽ നിരന്തരമൂല്യനിർണ്ണയ പ്രക്രിയ പരിഷ്കരിക്കും. ആത്യന്തിക മൂല്യനിർണ്ണയ പ്രക്രിയയുടെ ഭാഗമായുള്ള എഴുത്തുപരീക്ഷാരീതി കൂടാതെ ഓൺലൈൻ പരീക്ഷകൾ, |

| | | | |
|---|---|---|---|
| | | | തുറന്ന പുസ്തക പരീക്ഷാരീതി എന്നിവയും ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ചോദ്യ പേപ്പറുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) | എഴുത്തു പരീക്ഷയിൽ സബ്ജക്ട് മിനിമം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനം കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്നു അറിയിക്കുമോ? | (സി) | 2024-25 അധ്യയന വർഷം 8-ാം ക്ലാസിലും 2025-26 അധ്യയന വർഷം 9-ാം ക്ലാസിലും 2026-27 അധ്യയന വർഷം 10-ാം ക്ലാസിലും പൊതുപരീക്ഷകളിൽ എഴുത്തു പരീക്ഷയിൽ പേപ്പറുകൾക്ക് സബ്ജക്ട് മിനിമം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 8. 9, 10 ക്ലാസുകളിൽ കുട്ടികളുടെ അക്കാദമികമായ മികവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതിലൂടെ ഒരു കുട്ടിയും വിദ്യാഭ്യാസ പ്രക്രിയയിൽ നിന്നും പിന്തള്ളപ്പെട്ടു പോകുന്നില്ല എന്ന് ഉറപ്പുവരുത്തുന്ന നിരന്തര പഠനപിന്തുണാപരിപാടികളും വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഓരോ ഘട്ടത്തിലും നടക്കുന്ന മൂല്യനിർണ്ണയ പ്രക്രിയയ്ക്കു ശേഷം പഠനത്തിൽ പിന്തുണ വേണ്ട കുട്ടികളെ കണ്ടെത്തി പ്രത്യേകം പിന്തുണാപരിപാടി നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. |

സെക്ഷൻ ഓഫീസർ